യോഹ. 8 : 21 – 30

**2024 ജനുവരി 14**

## വചനഭാഷ്യം

ഡോ. ജോഷി പുതുശ്ശേരി

# ഉന്നതത്തിൽ നിന്നുള്ളവൻ

കൂടാരത്തിരുനാളിന്റെ അവസരത്തിൽ (7:2) ജറുസലേമിലെ യഹൂദ മതനേതാക്കളുമായി (8:13) നടന്ന വാഗ്‌വാദത്തിൽ യേശു തന്നെക്കുറിച്ചു നടത്തിയ വെളിപ്പെടുത്തലുകളാണ് യോഹ. 8:21–30 –ലെ പ്രതിപാദ്യം.

a) ഞാൻ ആകുന്നു: പുറപ്പാട് മൂന്നാം അധ്യായത്തിൽ കത്തുന്ന മുൾപ്പടർപ്പിൽ മോശയ്ക്ക് പ്രത്യക്ഷപ്പെട്ട ദൈവം തന്റെ പേരായി വെളിപ്പെടുത്തിയത് 'ഞാൻ ആകുന്നു' / 'ഞാൻ ഞാൻ തന്നെ' എന്നാണ് (പുറ. 3:14). കൂടാരത്തിരുനാളിൽ ജറുസലെം ദേവാലയാങ്കണത്തിൽ നാട്ടിനിർത്തപ്പെട്ട തീവെട്ടികളുടെ പശ്ചാത്തലത്തിൽ യേശു ഇതേ കാര്യം തന്നെക്കുറിച്ച് പ്രഖ്യാപിക്കുന്നു: 'ഞാൻ ആകുന്നു' (ഗ്രീക്കിൽ 'എഗോ എയ്മി' = ''I am'', ""I exist''; യോഹ. 8:24, 28).

b) അയയ്ക്കപ്പെട്ടവൻ: പിതാവിനെ വെളിപ്പെടുത്താൻ അയക്കപ്പെട്ട പുത്രനാണ് യേശു (8:26, 29). പിതാവിൽ നിന്നു കേട്ടവ ലോകത്തെ അറിയിക്കുന്നവനും (8:26) അവിടുന്നു പഠിപ്പിച്ച കാര്യങ്ങൾ മാത്രം സംസാരിക്കുന്നവനും (8:28) പിതാവിനു പ്രീതികരമായതു മാത്രം പ്രവർത്തിക്കുന്നവനുമാണവൻ (8:29). താൻ ഒറ്റയ്ക്കല്ലായെന്നും പിതാവ് കൂടെയുണ്ടെന്നുമുള്ള അവബോധമാണവനെ നയിക്കുന്നത് (8:29).

c) ഉന്നതത്തിൽ നിന്നുള്ളവൻ: യേശു ഈ ലോകത്തിന്റേതല്ല; മുകളിൽ നിന്നുള്ളവനാണ് (8:23). അതിനാൽത്തന്നെ ഉന്നതത്തിലേക്ക് മടങ്ങിപ്പോകുന്നവനാണ് (8:21). കുരിശിലെ ഉയർത്തപ്പെടൽ തന്റെ അവസാനമല്ലെന്നും അത് താനാരാണെന്നതിന്റെ തെളിവും ഉന്നതത്തിലേക്കുള്ള തന്റെ ഉയരലിന്റെ അവസരവുമാണെന്ന് യേശു കൃത്യമായി അറിയുന്നുണ്ട് (8:28).

യേശുവിൽ നിന്ന് വിഭിന്നമായി യഹൂദ മതനേതാക്കൾ താഴെ നിന്നുള്ളവരാണ്. അവരുടെ ചിന്തകൾ ഈ ലോകത്തിന്റേതാണ് (8:23). യേശു പലയാവർത്തി തന്നെത്തന്നെ വെളിപ്പെടുത്തിയിട്ടും അവനെ അംഗീകരിക്കാനോ (8:25) അവൻ സ്വർഗീയ പിതാവിന്റെ ഹിതമാണ് വെളിപ്പെടുത്തുന്നതെന്ന് മനസ്സിലാക്കാനോ (8:27) അവർക്കാവുന്നില്ല. യേശുവിലുള്ള അവിശ്വാസവും – നിങ്ങളുടെ 'പാപം' (8:21) – യേശുവിനാൽ വെളിപ്പെടുത്തപ്പെട്ട ദൈവഹിതത്തിനു വിരുദ്ധമായ അവരുടെ പ്രവൃത്തികളും – നിങ്ങളുടെ 'പാപങ്ങൾ' (8:24) – അവരുടെ മരണത്തിന് – അന്തിമമായ ആത്മീയമരണത്തിന് – കാരണമാകും. യേശു പോകുന്ന ഉന്നതങ്ങളിലേക്ക് പോകുവാൻ അവർക്ക് കഴിയുകയുമില്ല (8:21).

താൻ ദൈവപുത്രനാണെന്ന തിരിച്ചറിവും ദൈവഹിതമറിയിക്കുക എന്ന ദൗത്യബോധവും പിതാവ് കൂടെയുണ്ടെന്ന ആശ്വാസവും ദൈവസന്നിധിയിലേക്ക് മടങ്ങേണ്ടവനാണെന്ന ലക്ഷ്യബോധവുമാണ് എതിർപ്പുകളെയും കുരിശിനെയും അവഗണിച്ച് മുന്നേറുവാൻ യേശുവിനെ പ്രാപ്തനാക്കിയത്. ദൈവമക്കളെന്ന നിലയിൽ സ്വർഗീയമായ ദർശനത്തോടെയും ലക്ഷ്യബോധത്തോടെയും ജീവിക്കേണ്ടവരാണ് നാം. നമ്മുടെ ചിന്തകളെയും സ്വപ്നങ്ങളെയും ഈ ലോകത്തിന്റെ നൈമിഷിക തലങ്ങളിലൊതുക്കാതിരിക്കാം. എന്നും കൂടെയുള്ള ദൈവത്തിൽ ആശ്രയിച്ച് അവിടുത്തെ ഹിതപ്രകാരം ഭൂമിയിലെ ദൗത്യങ്ങൾ നിറവേറ്റി ക്രിസ്തുവിനൊപ്പം ഉന്നതങ്ങളിലേക്കുയരാൻ നമുക്കൊരുങ്ങാം. എ